(സി) ട്രാവൻകൂർ സിമൻറ്സിന്റെ മാനേജിംഗ് ഡയറക്ടർ, പള്ളത്തറ ബ്രിക്സിന്റെ ചെയർമാർ, സ്റ്റേറ്റ് ഇൻഡസ്ട്രിയൽ കേരളാ ലിമിറ്റഡിന്റെ ഡയറക്ടർ എന്നീ നിലകളിലും സേവനം അനുഷ്ഠിച്ചുവരുന്നു.

(ഡി) കേരള മിനറൽസ് ആൻറ് മെറ്റൽസിൽനിന്നും ശമ്പളം ഇനത്തിൽ 28,800 രൂപയും യാത്രപ്പടിയിനത്തിൽ 4194 രൂപയും കഴിഞ്ഞ വർഷം പറ്റിയിട്ടുണ്ട്. ട്രാവൻകൂർ സിമൻറ്സിൽനിന്ന് ശമ്പളം ഇനത്തിൽ മാസം 2500 രൂപ കമ്പനി കൊടുക്കുന്നതിൽ 500 രൂപ ഫീസായി എടുത്ത് ബാക്കി രൂപ ഗവൺമെൻറിലേക്ക് അടച്ചുകൊണ്ടിരിക്കുന്നു. യാത്രപ്പടിയിനത്തിൽ ട്രാവൻകൂർ സിമൻറ്സിൽ നിന്നും 2180 രൂപ കഴിഞ്ഞ വർഷം പറ്റിയിട്ടുണ്ട്. മറ്റു കമ്പനികളിൽനിന്ന് ഒരു തുകയും പറ്റിയിട്ടില്ല.

സൈലൻറ്വാലി പദ്ധതി

* 608 [651] ശ്രീ. ടി.കെ. അബ്ദു:

,, എം.കെ. കൃഷ്ണൻ:

,, ചടയൻ ഗോവിന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൈലൻറ്വാലി പദ്ധതിക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ;

(ബി) എത്ര സംഖ്യ ചെലവു വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഈ സാമ്പത്തിക വർഷത്തിൽ എത്ര സംഖ്യ വക കൊള്ളിച്ചിട്ടുണ്ട്; ഇതിൽ എത്ര ഇതിനകം ചെലവഴിച്ചെന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതി എത്ര ഏക്കർ സ്ഥലത്തിന് പ്രയോജനപ്പെടുമെന്നും എത്ര വിദ്യുച്ഛക്തി കിട്ടുമെന്നുമാണ് കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ):

(എ) സൈലൻറ് വാലി പദ്ധതിക്ക് 15.2.1973-ൽ കേന്ദ്ര ആസൂത്രണകമ്മീഷന്റെ അനുമതി കിട്ടിയിരുന്നു. എന്നാൽ റാസ്ക്ക് ഫോഴ്സ് ഫോർ ഇക്കോളജിക്കൽ പ്ലാനിംഗ് അതിന്റെ റിപ്പോർട്ട് സമർപ്പിക്കുന്നതുവരെ പദ്ധതിയുടെ നടത്തിപ്പ് മാറ്റിവയ്ക്കണമെന്ന് 1976 ഒക്റ്റോബറിൽ നാഷണൽ കമ്മിറ്റി ഓൺ എൻവെയർമെൻറൽ പ്ലാനിംഗ് ആൻറ് കോ-ഓർഡിനേഷൻ ആവശ്യപ്പെട്ടു. റാസ്ക്ക് ഫോഴ്സിന്റെ ശുപാർശ അനുസരിച്ച് ചില സംരക്ഷണ നടപടികളും ആവശ്യപ്പെടുകയും അത് നിയമമാക്കുവാൻ കേരളാ ഗവൺമെൻറ് നടപടി സ്വീകരിക്കുകയും ചെയ്തു. പ്രൊട്ടക്ഷൻ ഓഫ് ഇക്കോളോജിക്കൽ ബാലൻസ് എന്ന പേരിൽ 30.12.1978-ൽ ഒരു ഓർഡിനൻസ് പുറപ്പെടുവിച്ചു. അത് 13.3.1979 ൽ നിയമസഭ ബിൽ ആയി പാസ്സാക്കുകയും ചെയ്തു. പദ്ധതി നടത്തിപ്പിനു കേന്ദ്രാനുമതി താമസിയാതെ കിട്ടുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) ഇതിനുവേണ്ടി 58 കോടിരൂപ ചെലവു വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. 40 ലക്ഷം രൂപ ഈ നടപ്പു സാമ്പത്തിക വർഷത്തിൽ (1978-79) വക കൊള്ളിച്ചിട്ടുണ്ട്. ഈ വർഷം 47.50 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) വിദ്യുച്ഛക്തി ഉൽപ്പാദനം കൂടാതെ ഈ പദ്ധതിയുടെ ടെയിൽ വാട്ടേഴ്സ് പതിനായിരം ഹെക്ടർ സ്ഥലത്ത് ജലസേചനത്തിന് ഉപകരിക്കും. പ്രതിവർഷം 522 മില്ല്യൺ യൂണിറ്റ് വിദ്യുച്ഛക്തിയും ഉൽപ്പാദിപ്പിക്കും.

ക്യാമറകളുടെ കയറ്റുമതി

* 609 [652] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നിർമ്മിക്കുന്ന ക്യാമറകൾ വിദേശത്തേയ്ക്കു കയറ്റുമതി ചെയ്യുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദവിവരങ്ങൾ പറയാമോ;

(സി) ക്യാമറാ നിർമ്മാണത്തിന് പൊതു മേഖലയിൽ ഒരു സ്ഥാപനം ആരംഭിക്കുവാൻ ഉദ്ദേശമുണ്ടോ?

വ്യവസായവും വനവും വകുപ്പു മന്ത്രി (ശ്രീ. പി.എസ്. ശ്രീനിവാസൻ): (എ, ബി) ആലപ്പുഴയിലെ ഒരു ചെറുകിട വ്യവസായ സ്ഥാപനമായ വാഗേശ്വരി ക്യാമറാ വർക്സിൽ നിർമ്മിക്കുന്ന ഫോട്ടോഗ്രാഫി ക്യാമറാ വിദേശത്തേയ്ക്കു കയറ്റുമതി ചെയ്യുന്നുണ്ട്.

ഈ സ്ഥാപനം 1978-79 സാമ്പത്തിക വർഷത്തിൽ 18,000 രൂപ വിലപിടിപ്പുള്ള 9 ഫോട്ടോഗ്രാഫി ക്യാമറ സിലോണിലേയ്ക്കു കയറ്റുമതി ചെയ്തിട്ടുണ്ട്.

(സി) ഇപ്പോൾ ഇല്ല.

പൊതുമരാമത്തു പണികൾ

* 610 [654] ശ്രീ. എം.കെ. കേശവൻ:
,, വി.കെ. രാജൻ:
,, കണിയാപുരം രാമചന്ദ്രൻ:
,, കെ.ടി. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1978-79 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ മരാമത്തുപണികളിൽ എത്രയെണ്ണത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്;

(ബി) അവയുടെ ജില്ലതിരിച്ചുള്ള എണ്ണം എത്ര വീതം;

(സി) ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ പണികളിൽ യാതൊരു നടപടിയും സ്വീകരിക്കാത്ത ഏതെങ്കിലും വർക്ക് ഉണ്ടോ?

മരാമത്തും സ്പോർട്സും വകുപ്പു മന്ത്രി (ശ്രീ. കെ. പങ്കജാക്ഷൻ): (എ) 971. ഇതിൽ ബി ആൻഡ് ആർ ഡിവിഷൻ എറണാകുളം,

LIBRARY ARCHIVES Kerala Legislative Assembly